(സി) പ്രസ്തുത വർഷത്തെ വികസന ചെലവിന്റേയും വികസനേതര ചെലവിന്റെയും കണക്കുകൾ അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ചിട്ടില്ല.

(ഡി) വികസനേതര ചെലവുകൾ കുറയ്ക്കാൻ ഈ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റവന്യൂ വരുമാനം വർദ്ധിപ്പിച്ച് ചെലവ് കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടായിരുന്നു. കൂടാതെ സർക്കാരുദ്യോഗസ്ഥന്മാരുടെ വിദേശയാത്ര, പുതിയ തസ്തികകൾ സൃഷ്ടിക്കൽ, പുതിയ വാഹനങ്ങൾ വാങ്ങുന്നതും അവയുടെ ഉപയോഗം എന്നിവയും നിയന്ത്രിച്ചിട്ടുണ്ട്.

(ഇ) കുറവുവരുത്താൻ കഴിഞ്ഞിട്ടില്ല. എങ്കിലും വികസനേതര ചെലവ് അമിതമായി വർദ്ധിക്കാതെ നിയന്ത്രിക്കുവാൻ പ്രസ്തുത നടപടികൾ മൂലം സാധിച്ചിട്ടുണ്ട്.

(എഫ്)	1996-97	198 രൂപയുടെ വർദ്ധന
	1997-98	366 രൂപയുടെ കുറവ്
	1998-99	111 രൂപയുടെ വർദ്ധന
	1999-00	64 രൂപയുടെ കുറവ്
	2000-01	കണക്കുകൾ പൂർത്തിയായിട്ടില്ല.

സാമ്പത്തിക അടിയന്തിരാവസ്ഥ

20 (408) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമ്പത്തിക അടിയന്തിരാവസ്ഥ പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ ഗവൺമെന്റിന്റെ കാലത്ത് ആരെങ്കിലും ഹൈക്കോടതിയിൽ കേസ് നൽകിയിട്ടുണ്ടോ :

(ബി) ഉണ്ടെങ്കിൽ അതാരാണെന്നു പറയുമോ ;

(സി) പ്രസ്തുത കേസ്സിൽ ഹർജിക്കാർ ഉയർത്തിയിട്ടുള്ള വാദമുഖങ്ങൾ എന്തെല്ലാമെന്ന് പറയുമോ ;

(ഡി) പ്രസ്തുത കേസ്സിൽ ആരെയെല്ലാമാണ് കക്ഷി ചേർത്തിട്ടുള്ളത് ;

(ഇ) പ്രസ്തുത കേസ്സിൽ ഗവൺമെന്റ് സത്യവാങ്മൂലം നൽകിയോ ;

(എഫ്) എങ്കിൽ അതിലെ കാര്യങ്ങൾ എന്തെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഹൈക്കോടതിയിൽ കേസ് നൽകിയതായി അറിവില്ല.

(ബി-എഫ്) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly